## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3214

19.06.2019 - ൽ
മറുപടിയ്ക്ക്

### നേര്യമംഗലത്ത് ഫാം ടൂറിസം

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | മറുപടി<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) മൂന്നാറിന്റെ കവാടമായ നേര്യമംഗലത്ത് ഏക്കറുകളോളം വ്യാപിച്ച് കിടക്കുന്ന ജില്ലാ കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത കൃഷിത്തോട്ടത്തിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) ഫാം ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് സ്റ്റേറ്റ് അഗ്രികൾച്ചർ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള എഞ്ചിനീയറിംഗ് വിങ്ങിനെ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ചിരുന്നു. പ്രസ്തുത ടീം ഫാം സന്ദർശിച്ച് കരട് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം 50 കോടി രൂപയുടെ നിർദ്ദേശങ്ങൾ ആണ് തയ്യാറാക്കിയിട്ടുള്ളത്. |
| സി) ഇവിടെ ഫാം ടൂറിസം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) ഫാം ടൂറിസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സംയോജിത കൃഷി പ്രാവർത്തികമാക്കുക.<br>2. വിവിധ വിളകളുടെ പ്രദർശന തോട്ടങ്ങൾ.<br>3. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും.<br>4. ഫാമിന്റെ നവീകരണം, സൗന്ദര്യവൽക്കരണം, തീം പാർക്കുകൾ, റസ്റ്റോറന്റുകൾ, ക്വാർട്ടേഴ്സുകൾ, കർഷക പഠന കേന്ദ്ര ഗസ്റ്റ് ഹൗസുകൾ, ടീ ഹട്ടുകൾ, ചെക്കുഡാമുകൾ, അലങ്കാര മത്സ്യങ്ങളുടെ പ്രദർശനവും വിപണനവും മുതലായവ.<br>5. പെരിയാറിന്റെ സംരക്ഷണ ഭിത്തി കെട്ടി നടപ്പാതയും ടൂറിസ്റ്റുകളെ ഉദ്ദേശിച്ചുള്ള ആധുനിക കടവുകളുടെ നിർമ്മാണവും. |

6. ഹൈടെക് നഴ്സറികൾ, പോളി ഹൗസുകളുടെ നിർമ്മാണം, തൈകളുടെ ഉല്പാദനം,വിപണനം തുടങ്ങിയവ.
7. ഹൈടെക് കാലിത്തൊഴുത്ത്, ആട്ടിൻകൂട്, മറ്റു പക്ഷി മൃഗാദികളുടെ ഷെൽറ്ററുകൾ എന്നിവയുടെ നിർമ്മാണവും പ്രദർശനവും.

| | |
|---|---|
| ഡി) ടൂറിസ്റ്റുകൾ ധാരാളം എത്തിച്ചേരുന്ന പ്രസ്തുത കൃഷി ഫാമിൽ ഏറെ സാധ്യതയുള്ള ഫാം ടൂറിസം വേഗത്തിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) ഫാം ടൂറിസം പദ്ധതി വേഗത്തിൽ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ